# ബഗീച്ച

കെ.എച്ച്.എം.എച്ച്.എസ്.എസ് വാളക്കുളം
2023-24



# എഡിറ്റോറിയൽ ബോർഡ്

അബ്ദുൽ മുനീർ
ഫിദ ഫെബിൻ
ഇഹ്തിഷാം
ഷക്കീല

Special Thanks to :

സൻഹ
അശ്വന്ത്
അഖിലേഷ്

ടെക്നിക്കൽ അസിസ്റ്റന്റ് :

റാദിൻ
സഹൽ

കവർ പേജ് :

ഷിബിൽ
അനുരാഗ്

# ഉള്ളടക്കം


| | |
|---|---|
| ബാല്യം | 3 |
| കാലത്തിന്‍ കവിഞ്ഞൊഴുക്ക് | 4 |
| കടലാസില്‍ സൂക്ഷിച്ച എഴുത്ത് | 5 |
| NATURE'S PLAN | 6 |
| മഴയും മേഘവും | 7 |
| സൈഡ് സീറ്റ് | 8 |
| വേര്‍പാട് | 9 |
| സ്ത്രീ | 10 |
| Besides the Blessings | 11 |
| മിഴിനീര്‍ മഴ | 12 |
| Sunsets | 13 |



# ബാല്യം

മനസ്സിൽ സുഖമുള്ള മധുരമേകും
ഇളനമ്പുപോലെൻ  കുരുന്ന ബാല്യം
സ്വപ്നതേരിലേറി നടന്നു ഞാൻ
പൂമ്പാറ്റയായി മാറി
വസന്തങ്ങളും സുഗന്ധങ്ങളും
ഇള മർമനാദവും എന്നിള മന
ഇടം നെഞ്ചിലോ ഒഴുകി ഒഴുകുമേ....
കാറ്റിന്റെ താളത്തിൽ കരിയില ഇളകുമ്പോൾ
എൻ മനമാകെ തളർത്തിരുന്നു
ഓരോരോ കളിയൂഞ്ഞാലാൽ സംഗമ
സന്ധ്യയിൽ ആർത്തിരമ്പുമെൻ
ആനന്ദ നിർവൃതിയാൽ
എൻ കുരുന്നു ബാല്യത്തിൽ നിന്നും
ഓരോരോ സ്വപ്ന ചിറകിലേറി
ചിറകും മുളക്കുമീ ജീവിത പടവുകളിൽ
പറന്നുയരുമെ...
ഓർമ്മയിൽ സുഖമുള്ള ബാല്യത്തിൽ
സുന്ദര നിമിഷങ്ങളാൽ സുലഭിതമായ്
ജീവിതമേ.......
ജീവിതമേ.....

MOHAMMED SHIBIL VK
IX-O

# കാലത്തിന്റെ കവിഞ്ഞൊഴുക്ക്

അമ്മ!
പണ്ട് ആഴം അളക്കാത്ത പുഴയിൽ
അഴലിന്റെ നിഴലിൽ
കവിപാടിയത്തിന്റെ ശേഷിപ്പാആണത്ര!
അന്ന്?
കാലേതെന്നോ, കയ്യേതെന്നോ
അറിയാത്ത സമയം
ഒരു മരക്കുറ്റിയായ്,
താങ്ങായ് നിന്നതും
അവൾ മാത്രമായിരുന്നു!
വായു അഗ്നിയായപ്പോഴും
ജലം വിഷമായപ്പോഴും
നുകരാനുണ്ടായതോ
ഈ മാതൃ സ്നേഹം മാത്രം!
മാനോ, മാനവരോ അറിയാതെ
ചെയ്ത കൃത്യങ്ങൾക് പശ്ചാത്തപിച്ചപ്പോൾ
നണയാനുണ്ടായതോ മാതൃനൊമ്പരം!
എന്നാൽ,
ഇന്ന്?
ഈ രണ്ടക്ഷരങ്ങളെ,
കൂട്ടിയോജിപ്പിക്കാൻ കഴിവുള്ളവനായി,
ആരുണ്ടീ ഭൂമിയിൽ!
രാത്രിയുടെ ഇരുട്ടിൽ,
അക്രമത്തിൻ തീപൊരികൾ
നീറിയെരിയുമ്പോഴും,
ഓരോ കള്ളകണ്ണും
തനിക്കെതിരെ സാക്ഷിമൊഴികൾ
ഉതിർക്കുമ്പോഴും-
അവളറിഞ്ഞതല്ലേ
തന്റെ ഓരോ കാൽച്ചുവടും
തെറ്റുകളിലേക്കാണെന്ന്!?
എന്നിട്ടും,
അവളെന്തേ എനിക്കൊരു
കച്ചിത്തുരുമ്പായി മാറിയില്ല!
ഇതാണ് സ്നേഹം,

ബലമുള്ള ഇരുമ്പ്
തുരുമ്പായി മാറും പോലെ
കാലത്തോനൊഴിക്കിൽ പെട്ട്
നാശത്തിനടിമപ്പെട്ട
സ്നേഹമെന്ന് ദിവ്യദശധം!

AGNEY KP
IX-O

# കടലാസിൽ സൂക്ഷിച്ച എഴുത്ത്


**ജോ** ഒരു അന്ധനായിരുന്നു. പക്ഷേ പുറമേ ഒരു അന്ധൻ ആണെങ്കിലും അവന്റെ ഉള്ളിൽ ഒരു കല ഉണ്ടായിരുന്നു. ഇനി നമുക്ക് അവന്റെ ജീവിതത്തിലേക്ക് പോകാം. അവൻ സ്നേഹത്തിൽ വഞ്ചിക്കപ്പെട്ടവമായിരുന്നു. അവന്റെ അന്ധത കാരണം വീട്ടുകാരും,കൂട്ടുകാരും അവനെ ഒറ്റപ്പെടുത്തി.ഒരാൾ ഒഴികെ, അവന്റെ താങ്ങും തണലുമായ ഒരാൾ അവനാണ് വിഷ്ണു. യാതൊരു കുറവുകളും നോക്കാതെ കൂടെ നിന്ന് സ്നേഹിച്ചവനും, സഹായിച്ചവനുമായിരുന്നു അവൻ. പുറമെ സ്നേഹം കാണിച്ചും ഉള്ളിൽ പറ്റിച്ചും നടക്കുന്ന കൂട്ടുകാർ ഉണ്ടായിരുന്നു അവൻക്ക്.എന്തിന് അവൻ അന്ധനാവാൻ കാരണം തന്നെ ആ ചതിയന്മാരായിരുന്നു.ഒരിക്കൽ സൈക്കിളുമായി പറമ്പിലേക്ക് പോകുമ്പോൾ റോഡിലൂടെ ഒരു വലിയ ലോറി വരുന്നത് കണ്ടു കൂട്ടുകാർ എല്ലാവരും മറുഭാഗത്തും ജോയും വിഷ്ണുവും ഒരു സൈക്കിളിൽ മറുഭാഗത്തും ആയിരുന്നു.അവൻ സൈക്കിൾ തിരിക്കാൻ നോക്കിയെങ്കിലും സൈക്കിൾ ലോറിയുടെ അടിയിൽ കുടുങ്ങി വിഷ്ണുവിന് വലിയ പരിക്കൊന്നും പറ്റിയില്ലെങ്കിലും ജോയിയുടെ കണ്ണിന് ഗുരുതരമായി പരിക്കുപറ്റിയിരുന്നു.കാരണം അവന്റെ കണ്ണ് ഒരു പാറയിൽ ഇടിച്ചിരുന്നു.കൂട്ടുകാർ എല്ലാവരും അവരുടെ സ്വയരക്ഷ തേടി പോയെങ്കിലും,കൂടെ നിൽക്കാൻ വിഷ്ണു മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്ത് ചെയ്യണമെന്ന് അറിയാതെ ഓടിപ്പോയി ലോറി ഡ്രൈവറെ വിളിച്ചുകൊണ്ടുവന്ന് ജോയും കൊണ്ട് ഹോസ്പിറ്റലിലേക്ക് പോയി. അപ്പോളാണ് ഡോക്ടർ പറഞ്ഞത് കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടിട്ടുണ്ട്,ഉടനെ അടുത്ത ചികിത്സ തേടണമെന്നും ഡോക്ടർ അവരോട് നിർദ്ദേശിച്ചു.അത് കേട്ടതും ജോയുടെ ജീവിതം മാറിമറിഞ്ഞു.അന്ന് മുതൽ അവൻ ഒരു പാഠം പഠിച്ചിരുന്നു.കല എന്താണെന്നും,പ്രകൃതി എന്താണെന്ന്.പലർക്കും കണ്ണ് കൊണ്ട് കണ്ടതെല്ലാം വെറും കാഴ്ച മാത്രം ആണെങ്കിലും, ജോക്ക് അത് അവന്റെ സ്വപ്നമായിരുന്നു.അവനെ വിഷ്ണു കൂടുതൽ പറഞ്ഞ് പ്രേരിപ്പിക്കുന്നത് എന്തെന്ന് വെച്ചാൽ,ജീവിതം ആകുമ്പോൾ കണ്ണ് കാണാത്തതോ നടക്കാൻ കഴിയാത്തതോ അല്ല. ആത്മവിശ്വാസം അത് ആർക്കാണോ അവൻ രക്ഷപ്പെട്ടു. ചിലപ്പോൾ ആത്മവിശ്വാസം എന്നത് ആളുകൾ ധരിക്കുന്ന ഒരു മുഖംമൂടി മാത്രമായിരിക്കാം, പക്ഷേ മനസ്സിൽ നിന്ന് വരുമ്പോഴാണ് ആത്മവിശ്വാസം എന്തെന്ന് മനസ്സിലാക്കുന്നത്. ആളുകളുടെ രോദനവും ആളുകൾ വീണ്ടും വീണ്ടും നിരാശപ്പെടുത്തുന്നത് എത്ര മടുപ്പിക്കുമെന്ന് മനസ്സിലാക്കാൻ കഴിയും.പക്ഷേ നിങ്ങൾ ലോകത്തെ അകറ്റിനിർത്തിയാൽ ജീവിതം വളരെ എളുപ്പമാണെന്ന് തോന്നിപ്പോകും ഒരുപക്ഷേ വിഷ്ണു പറഞ്ഞു പഠിപ്പിച്ച കാര്യം ആരെയും അകത്തേക്ക് കടക്കാൻ അനുവദിക്കാത്തത് ജീവിതത്തെ ഏകാന്തമാക്കുമെന്നും നിങ്ങൾ ആരെയെങ്കിലും ഒരു പീഠത്തിൽ ഇരുത്തിയാൽ അവർ നിങ്ങളെ എങ്ങനെയെങ്കിലും നിരാശപ്പെടുത്തും എന്നും യാഥാർത്ഥ്യബോധമില്ലാത്തവരാക്കരുതെന്നും പഠിപ്പിച്ചിരുന്നു. ചിലപ്പോൾ ഈ വാക്കു കൊണ്ടായിരിക്കാം ഇവൻ ഇങ്ങനെ ഓരോ കലയുടെ ബോധങ്ങൾ തിരിച്ചറിയാൻ സഹായിച്ചത്.ജോ പറയുമായിരുന്നു ഒരുകാലത്ത്. ഇടയ്ക്കിടെ സ്വയം ആശ്ലേഷിക്കുക, മറ്റുള്ളവരെക്കാൾ സ്വയം മുൻഗണന നൽകുക, നിങ്ങളോട് തന്നെ മതിപ്പുള്ള വാക്കുക, നിങ്ങൾ ആരാണെന്ന് സ്വയം അംഗീകരിക്കുക. ഇന്ന് ഞാൻ ഞാനാവാൻ കാരണം അവനായിരുന്നു. യാതൊരു കുറവുകളും കുറ്റങ്ങളും അംഗീകരിക്കുന്ന എന്റെ ഒറ്റ സുഹൃത്ത്. ഇന്ന് നമ്മെ കാത്തിരിക്കാനും ഇഷ്ടപ്പെടാനും ഒരുപാട് പേർ നമുക്ക് ചുറ്റുമുണ്ടെങ്കിലും അവരൊക്കെ നമ്മെ സ്നേഹിക്കാൻ തുടങ്ങിയത് നാം ആരൊക്കെയോ ആയതിനുശേഷം ആണ്.പക്ഷേ ഒന്നുമില്ലാത്ത,ഒരു രൂപം പോലും ആകാതിരുന്ന കാലത്തേക്ക് അന്ധലോകത്തേക്ക് വരുന്നതിനു മുമ്പ് നമ്മെ സ്നേഹിക്കാനും കൂടെ നിർത്തി പ്രചോദിപ്പിക്കാനും ഒരാൾ ഉണ്ടെന്ന് പറയാൻ ഏറെ ബുദ്ധിമുട്ടായിരിക്കും പലർക്കും, കൂട്ടുകാർക്ക് എല്ലാവർക്കും വാശിയും വൈരാഗ്യവും നിറഞ്ഞ നിൽക്കുന്ന മനസ്സുള്ളവരായിരിക്കും കിട്ടിയത്. ഒരുകാലത്ത് നമുക്ക് വേണ്ടി അവർ അവരുടെ സന്തോഷമെല്ലാം മാറ്റി വെച്ചിട്ടല്ലേ ഈ പറയുന്ന ആരോ ആയത് നമ്മൾ. മറ്റുള്ളവരുടെ ജീവിതം കണ്ട് സന്തോഷിക്കാതെ നമ്മുടെ ജീവിതം എന്താണെന്ന് മനസ്സിലാക്കി ആരെയും ബുദ്ധിമുട്ടിക്കാതെ, നമ്മളെ സ്നേഹിക്കുന്നവരുടെ കൂടെ ചിലവഴിച് സന്തോഷം പങ്കിട്ട് മനസ്സിലാക്കി മുന്നോട്ടു ജീവിക്കാൻ ശ്രമിക്കണം. ഏത് സാഹചര്യത്തിലും രൂപം നോക്കാതെ കൂടെ നിർത്തുന്നവരാണ് യഥാർത്ഥ മനുഷ്യൻ

FATHIMA SAJA SABIR
IX-E

# NATURE'S PLAN

Darkness embraces the night
And plays hide and seek with the light ,
It frightens the young lad ;
As well as his dad .
The stray dog barks loud ,
But it doesn't concern the cloud .
The old woman holds her umbrella tightly ;
For the wind wasn't blowing slightly ,
The storm so fierce ,
Showed not even a bit of mercy !
The cars all sprinting swiftly ,
Splashes waler everywhere carelessly .
The wind is blowing ;
Like a wolf's howling .
The lad clings to his mother tightly ,
Scared of the storm blowing harshly.
Sailors are all shivering ;
Not from the cold ;
But from the ship sinking !
The priests pray that the wind goes away ;
But the storm blower everything away .
The buildings that always stood so tall ;
Is now experiencing it's downfall.
The gardens once described beautiful ;
Now experiences looks so pitiful .
The crying man ,
Nor the crying woman ;
Could stop nature's plan !

SANA SALIH
VIII-A




# മഴയും മേഘവും

ആകാശത്തത്ത് പറി നടക്കുന്ന ചെറിയ ജലകണികൾ ഐസ് പരലുകൾ എന്നിവയുടെ കൂട്ടമാണ് മേഘം. മേഘങ്ങൾ നിംബസ്. കുമുലസ്. സ്ട്രാറ്റസ്. സിറസ്. എന്നിങ്ങനെ പലതരത്തിലുണ്ട്. അതരീക്ഷത്തിലെ എറ്റവും താഴെ തട്ടിൽ രൂപം കൊള്ളുന്ന ഇരുണ്ട തവിട്ട് നിറത്തിലോ കറുപ്പ് നിറത്തിലോ കാണപ്പെടുന്നതാണ് നിംബസ് മേഘങ്ങൾ. ഈ മഴ മേഘങ്ങളാണ് തുടർച്ചയായി മഴ പെയ്യുന്നതാണ്. ആകാശത്തിന്റെ ഉയർന്ന തലങ്ങളിൽ കാണപ്പെടുന്ന തൂവൽ കെട്ട് പോലെയുള്ള മേഘങ്ങളാണ് സിറസ് മേഘങ്ങൾ. മഞ്ഞുകണം മാത്രമുള്ള ഈ മേഘങ്ങൾ മഴ പെയ്യിക്കില്ല. പഞ്ഞികെട്ടുകൾ പോലെ ആകാശത്ത് വ്യാപിച്ചു കിടക്കുന്ന മേഘങ്ങളാണ് കുമുലസ് മേഘങ്ങൾ. മൂടൽ മഞ്ഞിന്റെ തിരശ്ചിണമായ പാളി പോലെ കാണപ്പുന്നവയാണ് സ്ട്രാറ്റസ് മേഘങ്ങൾ.

AMAL K
IX-O



# സൈഡ് സീറ്റ്

ഒരിളംകാറ്റ്...
അവളുടെ മുടിയിഴകളെ ചലിപ്പിച്ചു
പിന്നെ മെല്ലെ കവിൾത്തടത്തിലേക്ക്
തൂവെള്ള വിരലിനാൽ മുടിയിഴകളെ
തെല്ലൊതുക്കിയവൾ.യാത്രക്കാർ
സർവ്വോപരി അവളെ
ഉറ്റുനോക്കുന്നു പെണ്ണല്ലേ എന്ന മട്ടിൽ
പരസ്പരം കാതിൽ
എന്തൊക്കെയോശുകുശുക്കുന്നു
മാലാഖപോലുള്ള ആ പെണ്ണ്
അതിനൊന്നും മുഖംകൊടുത്തില്ല
ശ്രദ്ധപാടെ മാറ്റി സൈഡ് സീറ്റിൽ
നിന്നും കാണുന്ന കാഴ്ചകളിൽ
മാത്രമായ് ആ പെൺ മനസ്സൊതുങ്ങി
എന്തെന്നാൽ അവൾ മനസ്സിലാക്കി
ആ യാഥാർത്ഥ്യം ജനക്കൂട്ടം
പലതെഴുതി,പലത് വായിക്കുമൂകയായ്
അവൾ ആ കവിതയായ് മാറും


അതാണിന്നിവളെ ചവറ്റുകൊട്ടയിൽ
എറിഞ്ഞതും
ഒരുപാട് വൈകിയെങ്കിലും
ഇന്നവൾ മനസ്സിലാക്കി
ഇനിയതുമതിന് ചെവികൊടുത്തുകൂടാ
ജീവിക്കണം!
മറ്റുള്ളവരുടെ കഥാപാത്രമാകാതെ
സ്വയം കവിത മെനയണം
ജീവിതം തന്നിഷ്ടങ്ങൾക്കായാണ്!
മറ്റുള്ളവരുടെ തൃപ്തി നേടാനല്ല
ഒരുപാട് സ്ത്രീകളുടെ
കണ്ണീർതുടച്ച ആ സൈഡ്സീറ്റ്
അവളോട് പിന്നെയും
എന്തൊക്കെയോ
മന്ത്രിച്ചുകൊണ്ടിരുന്നു.

ANURAG P
IX-O

# വേർപാട്

നിന്നിലായ്മാത്രമർപ്പിച്ചു ഞാനെൻ
വസന്തം തുളുമ്പിറയൊരാ ജിവകാലം
നിൻജീവിത പഥത്തിലിരുളിൻ
ഭിതിണയ്ക്കാനായന്നു ഞാൻ
അണയാതെ തെളിച്ചൊരു
ദിപവെട്ടത്തലാഗ്നിസാക്ഷിയായി
നിൻകരംഗ്രഹിച്ചു നിന്നുയിരിലേറി
കൗമാരത്തിന്നേകാന്തേതരിൽ
മൗനം കൊണ്ടാടിയിരുന്നെ
ന്നിലൊരു കുട്ടിലുഠ കുട്ടായ് വന്നുനീ
യക്ഷനെന്ന സ്ഥാനം കവർന്ന്
പ്രണയം നിറഞ്ഞ സിന്ദുരാമെന്നിൽ
എന്നിലെ പ്രതിക്ഷയാം നിൻ കരത്താൽ
ചാർത്തിയല്ലോ നീ
നിൻജീവിതം പൂർത്തികരിച്ചു ഞാൻ
നിന്നുടെ പാതിയാലങ്കരിച്ചു
നിൻമിഴി  നിറയാതെ,  നിൻ
യശസ്സു താഴ്ത്താതെ, സ്വയം നീറി
നിന്നിലായമർന്നു ഞാൻ
കാലമതിൽ കാലേയോടിയിന്ന് ഞാനു-
മൊരു മാതാവായ്, യിന്ന്
കാലം വരുത്തിയെരു മാറ്റം കണ്ടുനീ
യെന്തോയെന്നെ പാടേ മാറുന്നു പോയ്
ഇന്നു ഞാൻ നിന്നിലൊരധികപറ്റായ്
നിൻ മാനഹാനിക്കൊരുപാധിയായ്
ഏകയായിരുന്നെനിക്ക് കൂട്ടേകി നീ
യെന്തൊയെന്നെ പാടേ മറന്നു പോയ്
നിനക്കായുരുകിയൊരീയെന്നിൽ നിന്നു
ആരകറ്റിയെൻ പ്രിയനെ-
യെന്നിലെ പാതതെളിച്ചൊരാ നിന്നെ
നിന്റ പ്രീതിക്കായ് മാത്രമാ-
യെരിഞ്ഞു തീരുമെന്നെ നീ
മറവിക്കിമയക്കിയോ
ഞൻ നീട്ടുമീയെൽ പ്രണയം
എന്തെ നീ കാണുന്നില്ല........

# സ്ത്രീ



മൃ ഘട്ടങ്ങൾക്കതി തീക്ഷ്ണ
സാക്ഷിയയ് ......
ഭൂമിക്ക് കാവൽ മാലാഖയുമായി

ദൈവം തമ്പുരാൻ പോലും
അഭിമാനിപ്പൂ നിൻ ജന്മത്തിൽ
കാരണം നീയൊരു
പെണ്ണന്നതിൽ....

അമ്മതൻ
ഗർഭപാത്രത്തിലും ,
ഭൂവിലും, ഗഗന സഞ്ചയത്തിലും
നേടി
നീ പ്രീതിയെ....
അക്ഷരത്തിരുമുറ്റത്തെ നിൻ
ചുവട്ടിൽ
നീയറിഞ്ഞു നിൻ വിളിപ്പേര്....
"പെൺ കുട്ടി"യെന്ന്

ദുർദുരാചാരങ്ങൾക്കടിമയാം
ഈ പുതു യുഗത്തിൽ
നിന്നുടെ ഓർമകൾ സങ്കടമാൺ.
അടിമാചാരങ്ങൾക്കും  സതി,
വിധിയൊന്നു
മില്ലെങ്കിലും   നീയിന്ന്
"ശാശ്വതം"
എന്നു ഞാൻ പറയില്ല

ആലിലും ആലുവ പുഴയുടെ
തീരത്തും  കേട്ടു ഞാൻ
നിൻ  വിളിത്തേങ്ങലുകൾ
ചുവടു മാറി, നിൻ
വിളിപ്പേരിലെ
"കുട്ടിയും" മാറി ഇപ്പോയൊരു
പെണ്ണാണു   നീ......

ആണിന്നടിമയല്ലാം...
മരിച്ചവൻ തൻ
ഹൃദയം  കവരും സ്നേഹ
ദീപമാവുക നീ...
ക്ഷമയുടെ ,സഹനമുടെ
കൂടപ്പിറപ്പും
പര്യായ മില്ലാത്ത   കൂട്ടുമാവുക
നീ...

ഓർക്കുക നീ ...  വിധാ പ്രശ്നങ്ങളും
പ്രതിബദ്ധതകൾ  ഏറയും
നേരിടണം
ധൈര്യത്തോടെ,
തോൽകില്ലെന്നുറച്ച്
 ക്ഷമയോടെ വീറോടെ
പോരാടണം...

ആരു തടഞ്ഞാലും ഉടഞ്ഞാലും
കാലം മുന്നോട്ടു ഗമിക്കും
ഉറപ്പാണ്.
അവലോകനത്തിൻ്റെ
വാസനധ്യായങ്ങൾ,
സ്നേഹത്തിനും സ്നേഹിതത്തിനും
ആക്കി തീർക്കുക നീ......

ഓർമകളുടെ ജനാലകളും
ഓർക്കാപ്പുറത്തെ നാളകളെയും
ഓർത്തിടും മുത്തശ്ശിയായിടും
നീ....
പേരക്കിടാങ്ങൾക്ക് ബാല കഥകൾ
കവിതകൾ പകർന്നു നൽകിടും
സ്നേഹ മുത്തശ്ശിയായിടുകനീ....

ലോകവും കാലവും കാലപ്പഴക്കവും
ചെന്നാലും നിന്നാലും ഓടി
മറഞ്ഞാലും,
ലോകത്തിൻ നെറുകയിലും
കോണോട് കോണിലും,
ആയിരിക്കും നിൻ നാമം
"സ്ത്രീ" എന്നത്.

RADHIN MOHAMMED
IX-L

# BESIDES THE BLESSINGS

Today inside the four walls
I am searching of you…
The pain of every needles
Curiously awaiting of you…
I’m searching off… Searching off
Where are you now ?
Today, the emotions of mine
Only you can recover…
The thoughts of mine
Only you can bring back…
I’am searching off.. searching off
Where are you now…?
Today, my dehydrated tissues
Gazing upon you…
My dead like body
Calling on you…
I’m searching off… searching off
Where are you now…?
Yesterday, in spite of you joys
I was running money
My healthy mind, wealthy body
Never minded you
I was running… was running
Was running along with money
Yesterday, on my daily ever
You had come with lot
In each zephyrs, each breezes
I never realized you
I was walking… was walking
mind…
Yesterday, through my
entire beloveds
Even at that time of
showering of you
By neglecting my eyes…
I closed it… Just closed it…
I was teasing on you..
teasing on you
Just teasing on you…
Now, In spite of everything
I want you… want you
Not only for my decried
cells..
But also my entire body
I am realizing you realizing
you
Realizing you are a
blessing !!
Now, In spite of everything
I want you… want you…
Not for my life…
For my loneliness,
loneliness
I’m hopping of you , finding
of you
Searching of you.. the
blessing…!!
I was besides the
blessings…
Besides the blessings..

MEHANA

മിഴി നീർ

# മഴ

കരഞ്ഞുകരഞ്ഞവളവശയായി
കരുണയില്ലാത്തയീ മർത്ത്യനവളെ
ശാപവാക്കിൽ പൂമാലചാർത്തി
കുത്തഴിഞ്ഞ് ക്രൂത്താടിടും
മാനവർക്കായവൾ മഞ്ഞാൽ
കുളിരിൻ സ്പർശമേകിയെന്നിട്ടും
ശൈത്യമേറെയെന്ന ധ്വനിയാൽ
കാലത്തെപ്പഴിച്ചവൻ
തന്റെ പ്രിയ തോഴനും കാലത്തെ
പഴിച്ചതിൽ ചെറു ശിക്ഷയായവൾ
ക്രോധാഗ്നിയാലെ
ജീവി വർഗത്തെ നോക്കി,
തെന്നലിനുമൊരു ചുടുശ്വാസമേകി
കഥയിതറിയാതെ,
യവൾതൻ വേദനറിയാതെ-
യവൻ വീണ്ടും ശപിച്ചവളെ
യവനിപ്പോളുഷ്ണമേറിപ്പോലും
തൻ നിസ്സഹായതയിലവൾ
പൊട്ടിക്കരഞ്ഞുപോയി-യീ
മിഴിനീരുമാസ്വദിച്ചവനാരോ-
യതിനെ 'മഴ'യെന്ന് മൊഴിഞ്ഞു

SANHA
IX-I

# Sunsets

forever,
The most splendid thing to me
will be sunsets
I wonder if sunset knows
how beautifull it is
So young and joy full
when the sun's going down,
I sit on the beach
and watch it somehow
washes away all my problems.
So colourful that even the water
gleams in orange
I gaze at the sunset everynight
wondering if it knows how
soothing it makes me feel.
It remind me how farewells are-
so painfull yet soo beautifull
It make me feel hopefull
that i want to watch the
sunsets until my soul decease
from the world.

SNEHA K SUHDEESH

IX-M

# ക്യാമറ കണ്ണുകൾ















# നന്ദി